# എൻ.എസ്.എസ്. ബഡ്ജറ്റ് പൊതുയോഗം
## ജൂൺ 22-ന്

നായർ സർവീസ് സൊസൈറ്റിയുടെ 2024-2025 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നതിനുള്ള **പൊതുയോഗം 2024 ജൂൺ 22-ാം തീയതി ശനിയാഴ്ച** രാവിലെ 8.45 ന് എൻ.എസ്.എസ്.ആസ്ഥാനത്തുള്ള പ്രതിനിധിസഭാമന്ദിരത്തിൽവെച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. 2024-2025-ലെ ബഡ്ജറ്റും, 2023-2024-ലെ ഭരണറിപ്പോർട്ടും യോഗത്തിൽ അവതരിപ്പിക്കുന്നതാണ്.

ചോദ്യങ്ങൾ, പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ മുതലായവ അയയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ജൂൺ മാസം 15-ാം തീയതിക്കകം അവ ഈ ആഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചുതരേണ്ടതാണ് എന്ന് അംഗങ്ങളെ അറിയിച്ചിരുന്നു.

### താഴെപ്പറയുന്ന കാര്യപരിപാടി അനുസരിച്ചായിരിക്കും പൊതുയോഗം നടക്കുക

1. സമുദായാചാര്യന്റെ അന്ത്യവിശ്രമസങ്കേതത്തിൽ പുഷ്പാർച്ചന
2. അംഗങ്ങളുടെ ഹാജർരേഖപ്പെടുത്തൽ
3. ഈശ്വരപ്രാർത്ഥന
4. ആചാര്യാനുസ്മരണം
5. സത്യപ്രതിജ്ഞ
6. ചോദ്യോത്തരങ്ങൾ
7. ബഡ്ജറ്റ് അവതരണം
8. നായകസഭയിൽ ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്
9. പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ്
10. ബഡ്ജറ്റ് പൊതുവിമർശനം
11. ധനാഭ്യർത്ഥനകളും, ഉപക്ഷേപങ്ങളും
12. പ്രമേയങ്ങൾ
13. ഉപസംഹാരം
14. കൃതജ്ഞത
15. ദേശീയഗാനം

നായർ സർവീസ് സൊസൈറ്റിയുടെ 110-ാമത്തെ ബഡ്ജറ്റാണ് ജൂൺ 22-ന് നടക്കുന്ന യോഗത്തിൽ അവതരിപ്പിക്കുന്നത്.